# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 4038 – 12/11/2019 - ലെ മറുപടിക്ക്

### പ്രളയ പുനർനിർമ്മാണത്തിന് ലോക ബാങ്ക് ധനസഹായം

**ചോദ്യം** **ഉത്തരം**

**ശ്രീ.എ.പി. അനിൽ കുമാർ**

**ഡോ. ടി. എം. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | 2019-ലെ മഹാപ്രളയത്തിൽ തകർന്ന പ്രദേശങ്ങൾ പുനർ നിർമ്മിക്കുന്നതിനായി ലോക ബാങ്ക് സഹായം അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | 2019-ലെ പ്രളയവുമായി ബന്ധപ്പെട്ട് ലോക ബാങ്കിൽ നിന്നും വായ്പാസഹായം സ്വീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടില്ല. എന്നാൽ, 2018 ഓഗസ്റ്റിൽ നേരിടേണ്ടി വന്ന സമാനതകളില്ലാത്ത പ്രളയത്തെ തുടർന്ന് കേരളത്തെ പുനർനിർമിക്കുന്നതിനുള്ള നടപടികൾക്കായി വികസനനയ വായ്പ (Development Policy Loan) അനുവദിക്കുന്നതിനുള്ള സന്നദ്ധത ലോകബാങ്ക് അറിയിച്ചിരുന്നു. ഇതനുസരിച്ച്, കേരള പുനർനിർമാണ പദ്ധതികൾക്കായി ലോകബാങ്കിൽ നിന്ന് 500 മില്ല്യൺ ഡോളർ വികസന നയവായ്പ (DPL) സമാഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി ലോകബാങ്കിൽ നിന്ന് വികസന നയവായ്പയുടെ ആദ്യ ഗഡുവായി 250 മില്ല്യൺ ഡോളർ (1779.58 കോടി രൂപ) ഈ വർഷം ലഭ്യമായിട്ടുണ്ട്.<br><br>പ്രസ്തുത തുക, പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നതിന് സർക്കാർ അംഗീകരിച്ചുത്തരവായ, സമഗ്രരേഖയായ കേരള പുനർനിർമ്മാണ വികസന പരിപാടി (Rebuild Kerala Development Programme) യിൽ സുപ്രധാന മേഖലകളായി പരാമർശിക്കുന്ന കൃഷി, മൃഗപരിപാലനം, ഫിഷറീസ്, വനം, ഭൂമി, ജീവനോപാധികൾ, റോഡുകളും പാലങ്ങളും, ഗതാഗതം, നഗരവികസനവും അടിസ്ഥാന സൗകര്യങ്ങളും, ജലവിതരണവും ശുചിത്വവും, ജലവിഭവം എന്നീ മേഖലകൾക്കും വിവിധ മേഖലകളിലായി വ്യാപിച്ചു കിടക്കുന്ന പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, ദുരന്ത സാധ്യതാ ലഘൂകരണം ഓപ്പൺ ഡാറ്റ, |
| (ബി) | ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കുവാനാണ് ഈ ധനസഹായം നൽകിയിട്ടുള്ളത്; | |
| (സി) | പ്രസ്തുത വായ്പയുടെ പലിശ നിരക്ക് എത്രയാണെന്നും എത്ര കാലം കൊണ്ട് അവ തിരിച്ചടക്കണമെന്നും അറിയിക്കുമോ? | |

തുടങ്ങിയ മേഖലകൾക്കും ഊന്നൽ നൽകിക്കൊണ്ട് ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്.

ലോകബാങ്കിൽ നിന്നും ലഭ്യമായ 250 മില്ല്യൺ ഡോളർ (1779.58 കോടി രൂപ) വികസനനയ വായ്പയുടെ പലിശനിരക്ക്, തിരിച്ചടവ് കാലാവധി തുടങ്ങിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **ഇനം** | **ഭാഗം - എ കൺസഷണൽ വായ്പ** | **ഭാഗം - ബി നോൺ-കൺസഷണൽ വായ്പ** |
|---|---|---|
| തുക | 1133.07 കോടി രൂപ | 646.51 കോടി രൂപ |
| പലിശനിരക്ക് | 1.25% വാർഷിക പലിശ | LIBOR+ ലോകബാങ്ക് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പലിശ നിരക്ക് |
| തിരിച്ചടവ് കാലാവധി | 15/11/2024 മുതൽ 15/05/2049 വരെ 50 അർദ്ധ വാർഷിക തവണകൾ | 15/11/2024 മുതൽ 15/11/2043 വരെ 39 അർദ്ധവാർഷിക തവണകൾ |

**സെക്ഷൻ ഓഫീസർ**